

# Joseph Vithayathil CMI, Attappady

## കണ്ണിമവെട്ടാതെ സക്രാരിയിലേയ്ക്ക്



എന്റെ ഓർമ്മയുടെ താളുകളിൽ ഓടിയെത്തുന്ന പലതിൽചിലത് ഞാനിവിടെ കുറിക്കാം. വിനീതച്ചനും ഞാനും മൂന്നു തവണകളായി ഒരുമിച്ച് താമസിച്ചിട്ടുണ്ട്. രണ്ടു പ്രാവശ്യം ധർമ്മാരാമിലും ഒരു തവണ പ്രേഷിതാരാമിലും. എല്ലാംകൂടി പത്തു വർഷത്തിലേറെ വരും.

വിനീതച്ചന്റെ പല ക്ലാസ്സുകളും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഗഹനമായതിനെ സരളമാക്കുന്ന എന്തോ മാന്ത്രിക ശക്തിയുണ്ടദ്ദേഹത്തിന്. സാവകാശമേ സംസാരിക്കൂ. സത്യമേ പറയൂ. ചതിക്കില്ലാത്ത ചങ്ങാതി. സംസാരം സുചിന്തിതം. ശക്തവും വ്യക്തവുമായ ഭാഷയിലൂടെ ഗഹനമായ ആശയങ്ങൾ ഉൾപ്രവേശിക്കുംവിധം പ്രഭാഷണങ്ങൾ പ്രകീർത്തിതമത്രെ. ശാന്തപ്രകൃതിയും സന്തോഷഭാവവും തികച്ചും ആകർഷണീയംതന്നെ.

ഞാൻ വൈദിക വിദ്യാർത്ഥി ആയിരുന്നപ്പോൾ ലേഖനങ്ങൾ എഴുതുമായിരുന്നു. "ആത്മാവ് ദാർശനിക ദൃഷ്ടിയി"ൽ എന്ന ലേഖനപരമ്പര (1966–'67) വായിച്ചുനോക്കി, തിരുത്താനും പ്രോത്സാഹിപ്പിക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. എനിക്ക് സഹായകവും. അന്നത്തെ"കേരളഡൈജസ്റ്റി"ൽ അഞ്ചെണ്ണം ലേഖനങ്ങളും, കവിതകളും. വിനീതച്ചനാണ് പ്രധാനമായും എന്നെ സഹായിച്ചതെന്ന് നന്ദിപൂർവ്വം സ്മരിക്കുന്നു.

"തച്ചനും കൊച്ചനും" എന്ന എന്റെ ആദ്യകവിതാസമാഹാരത്തിന് ഹൃദ്യമായ ഒരാസ്വാദനം എഴുതി പ്രോത്സാഹിപ്പിച്ചതും, അതിന്റെ കൈയെഴുത്തുപ്രതി വായിച്ച് തിരുത്തലുകൾ ചെയ്തതും ഹൃദയം നിറഞ്ഞ നന്ദിയോടെ ഞാനോർക്കുന്നു. പൊതുവെ, അനുജന്മാരെ വളർത്താനുള്ള ഒരു ജ്യേഷ്ഠമനസ്സും ഒരു ശ്രേഷ്ടഹൃദയവും വ്യക്തിത്വവും വിനീതച്ചനു സ്വന്തമായിരുന്നു.





# Francis Vineeth Vadakethala CMI

## *Footprints of a Philosopher-Theologian Mystic*

വിനീതച്ചൻ അവസാനം താമസിച്ച പ്രേഷിതാരാമിൽ ഞാനും രണ്ടുവർഷത്തിലേറെ ഒന്നിച്ചുണ്ടായിരുന്നു. വളരെ രസാവഹമായിരുന്നു ആ സഹവാസം. എന്റെ പട്ടത്തിന്റെ സുവർണ്ണ ജൂബിലി എന്റെ അനുജന്റെ വീട്ടിൽ ആഘോഷിച്ചപ്പോൾ പ്രേഷിതാരാമിൽ നിന്ന് ഞങ്ങൾ നാലഞ്ചച്ചന്മാർ പങ്കെടുത്തിരുന്നു. പ്രാർത്ഥനാശുശ്രൂഷയും അനുമോദനവും അത്താഴവും മാത്രം. അതിൽ കൂടുതൽ സന്തോഷസമേതം പങ്കെടുത്തനുമോദിച്ചത് വിനീതച്ചനാണ്.

ഞാൻ, പ്രേഷിതാരാമിൽ എന്തെങ്കിലും തമാശയോ, വിടുവായത്തരമോ പറഞ്ഞാൽ ചിലപ്പോൾ എന്നെ തല്ലും അല്ലെങ്കിൽ ഇടിക്കും! അച്ചന്മാരെ തല്ലാൻ പാടുണ്ടോയെന്ന് ചോദിച്ചാൽ സ്നേഹംകൊണ്ടല്ലേയെന്ന് പറയും. ഞാനും അതുപോലൊന്നു സ്നേഹിക്കട്ടെയെന്ന് ചോദിച്ചാൽ വേണ്ട, വേണ്ടയെന്ന് പറയും. അവസാനനാളുകളിൽ ഓർമ്മക്കുറവിന്റെ ക്ലേശം വിനീതച്ചനിൽ ശക്തമായിരുന്നു. എന്നാലും, പലപ്പോഴും ഞാൻ കാണാറുണ്ട്, ചാപ്പലിൽ ചെന്നിരുന്ന്, കണ്ണിമവെട്ടാതെ സക്രാരിയിലേയ്ക്കുതന്നെ നോക്കിയിരിക്കുന്നത്! എല്ലാം മറന്നാലും, മറാക്കാത്തവനെ മറക്കാത്തൊരു അമാനുഷിക ദർശനചൈതന്യം ഞാനതിൽ കണ്ടു! "അഹം ബ്രഹ്മസ്മി, തത്വമസി" തുടങ്ങിയ ഭാരതീയ ദർശനശകലങ്ങൾ വിനീതച്ചന്റെ പ്രേഷ്ഠസുഹൃത്തുക്കളാണ്. ദൈവൈക്യബോധം അദ്ദേഹത്തെ നയിച്ചിരുന്നു, ഭരിച്ചിരുന്നു. അതനുഭവത്തിലാക്കാൻ വിളിക്കപ്പെട്ട വിനീതച്ചാ, ഞങ്ങൾക്കും ആ ആവേശാനുഭവങ്ങൾ പകുന്നുതരണേ.



# Jose Paul Edakkalathur CMI, Shoranur

## A Joyful Musing of a Guru and Acharya

Knowledge can make man capable; wisdom can make one sensible; but only spiritual wisdom can make man humane. I met a man in 1979 while I was doing my Philosophy in Dharmaram College, a man of true spirituality and deep wisdom, none other than Fr. Vineeth.

What he learned he lived, mastered, and taught. He combined his mastery in Philosophy and Theology into a way of life; this life he shared with his students. His life in the *kudil* was an expression of his interior blending of Eastern and Western philosophies and theologies and it became an experiment, example, and experience for him and his students.